**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2771** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള മൃഗപരിപാലന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള മൃഗപരിപാലന സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഏതൊക്കെ മൃഗങ്ങളെയാണ് പരിപാലിക്കുന്നതെന്നും നടയ്ക്കിരുത്തുന്ന മൃഗങ്ങളെ എവിടെയാണ് സംരക്ഷിക്കുന്നതെന്നും അറിയിക്കാമോ; | (എ) | ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർ വഴിപാടായി സമർപ്പിക്കുന്ന ഗോക്കളെയും ആനകളെയുമാണ് ഗുരുവായൂർ ദേവസ്വം പരിപാലിച്ച വരുന്നത്. ആനകളെ പുന്നത്തൂർ കോട്ട ആനപരിപാലന കേന്ദ്രത്തിലും, ഗോക്കളെ മലപ്പുറം ജില്ലയിലെ വെങ്ങാട് ഗോകുലത്തിലും, ഗുരുവായൂരിലെ കാവീട് ഗോകുലം, അനക്സ് ഗോകുലം എന്നിവിടങ്ങളിലുമായി സംരക്ഷിച്ച വരുന്നു. |
| (ബി) | മൃഗപരിപാലനത്തിന് നിയോഗിക്കപ്പെട്ട എത്ര ജീവനക്കാരുണ്ടെന്നും അവരെ നിയോഗിച്ചിരിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഗുരുവായൂർ ദേവസ്വം മൃഗ പരിപാലനത്തിനായി നിലവിൽ ആകെ 236 ജീവനക്കാർ ഉണ്ട്. ആയതിന്റെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നടയ്ക്കിരുത്തുന്ന പശുക്കളെ സംരക്ഷിക്കുന്നത് എവിടെയാണെന്നും പ്രസ്തുത ആവശ്യത്തിന് ഗുരുവായൂർ ദേവസ്വത്തിന്റെ എത്ര ഭൂമി ഉപയോഗിക്കുന്നുണ്ടെന്നും എത്ര പശുക്കളെ അവിടെ സംരക്ഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ; | (സി) | നടക്കിരുത്തുന്ന പശുക്കളെ മലപ്പുറം ജില്ലയിലെ വെങ്ങാട് ഗോകുലത്തിലും, ഗുരുവായൂരിലെ കാവീട് ഗോകുലം, അനക്സ് ഗോകുലം എന്നിവിടങ്ങളിലുമായി സംരക്ഷിച്ച വരുന്നു.<br><br>വെങ്ങാട് ഗോകുലം - 93.83 ഏക്കർ - 1407 ഗോക്കൾ<br><br>കാവീട് ഗോകുലം - 1 ഏക്കർ 32 സെൻറ് - 96 ഗോക്കൾ<br><br>ഗുരുവായൂർ അനക്സ് ഗോകുലം - 21.5 സെൻറ് - 19 ഗോക്കൾ |
| (ഡി) | പശുക്കളെ പരിപാലിക്കുന്നതിന് പ്രതിവർഷം ചെലവഴിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ; പരിപാലനകേന്ദ്രത്തിൽ എല്ലാ പശുക്കൾക്കും മഴയും വെയിലും ഏൽക്കാതിരിക്കാൻ തക്കവിധത്തിലുള്ള തൊഴുത്തുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | പശുക്കൾക്ക് തീറ്റ, ചികിത്സ എന്നിവയ്ക്കായി പ്രതിവർഷം ഏകദേശം 5,39,52,000/- രൂപ ചെലവഴിക്കുന്നുണ്ട്. കാവീട്, അനക്സ് ഗോകുലങ്ങളിൽ ഗോക്കളെ മഴയും വെയിലും ഏൽക്കാതെ സംരക്ഷിക്കുന്നതിനുള്ള തൊഴുത്തുകൾ നിലവിലുണ്ട്. വെങ്ങാട് ഗോകുലത്തിൽ മുഴുവൻ പശുക്കളെയും ഉൾക്കൊള്ളുന്നതിനുള്ള തെഴുത്തുകൾ നിലവിലില്ല. |

| | | | |
|---|---|---|---|
| | | | വെങ്ങാട് ഗോകുലത്തിലെ ഗോക്കൾക്ക് വിശ്രമത്തിന് അനുയോജ്യമായ തൊഴുത്തുകൾ, പാഡക്കുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| **പുന്നത്തൂർ കോട്ട ആന പരിപാലന കേന്ദ്രം** | |
| ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ | 1 |
| അസിസ്റ്റന്റ് മാനേജർ | 1 |
| ലൈവ് സ്റ്റോക്ക് സൂപ്പർവൈസർ | 1 |
| യു.ഡി.സി. | 1 |
| എൽ.ഡി.സി. | 1 |
| വെറ്ററിനറി സർജൻ | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഫീൽഡ് വർക്കർ | 2 |
| അറ്റൻഡന്റ് | 3 |
| ഡ്രൈവർ | 1 |
| ആന പാപ്പാൻ | 116 |
| ആകെ | 132 |
| | |
| **വെങ്ങാട് ഗോകുലം** | |
| വെറ്ററിനറി സർജൻ | 3 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II | 5 |
| ലൈവ് സ്റ്റോക്ക് അറ്റൻഡന്റ് | 1 |
| യു.ഡി.സി. | 1 |
| ഇലക്ട്രിക്കൽ വർക്കർ | 1 |
| അസിസ്റ്റന്റ് ലൈൻമാൻ | 1 |

| | |
|---|---|
| കുടുംബശ്രീ ജോലിക്കാർ<br>(പശു പരിപാലന പ്രവൃത്തിക്ക്) | 40 |
| CLR വർക്കർമാർ ( പുൽ കൃഷിക്ക്) | 4 |
| NMR വർക്കർമാർ ( പുൽ കൃഷിക്ക്) | 9 |
| ആകെ | 65 |
| | |
| **കാവീട് ഗോകുലം, ഗുരുവായൂർ അനക്സ് ഗോകുലം** | |
| വെറ്ററിനറി സർജൻ | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II | 3 |
| ഫീൽഡ് വർക്കർ | 2 |
| വാച്ച്മാൻ | 1 |
| പശുപാലകർ | 22 |
| സ്വീപ്പർ (സ്ത്രീകൾ) | 9 |
| PTS (പാർട്ട് ടൈം സ്വീപ്പർ) | 1 |
| ആകെ | 39 |